പഞ്ചായത്താഫീസറന്മാരുടെ നിയമനം.

* 45. [17] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്താഫീസറന്മാരെ മുഴുവൻ നിയമിച്ചുകഴിഞ്ഞുവോ;

(ബി) ഇവരുടെ ശമ്പളസ്കെയിൽ എന്തു;

(സി) ഇന്നു് ഈ സ്കെയിൽ മറ്റു ഡിപ്പാർട്ടുമെൻറിലെന്നും നിലവിലില്ലെന്നു ഗവണ്മെൻറിനറിയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്താഫീസറന്മാരുടെ സെലക്ഷൻ കഴിഞ്ഞു. ചില പഞ്ചായത്തുകളിൽ അവരുടെ നിയമനവും കഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ മുൻചെയ്തികളെപ്പറ്റിയും, സ്വഭാവത്തെപ്പറ്റിയും, മറ്റുമുള്ള റിപ്പോർട്ട് കിട്ടുവാനുള്ള താമസം കൊണ്ടു് ഏതാനും ചില പഞ്ചായത്തുകളിൽ പഞ്ചായത്താഫീസർമാരുടെ നിയമനം നടന്നിട്ടില്ല.

(ബി) ഇവരിൽ ഒന്നാംഗ്രേഡുകാരുടേതു് 45–75 രൂ. യും, രണ്ടാം ഗ്രേഡുകാരുടേതു് 30–45 രൂ. യുമാകുന്നു.

(സി) അറിയാം.

പിന്നാക്കസമുദായോന്നമന വകുപ്പു പുനഃസംഘടന.

* 46. [18] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായോന്നമനവകുപ്പു പുനഃസംഘടിപ്പിക്കുന്നതിനു നിയമിച്ച കമ്മിറ്റിയുടെ ശുപാർശകൾ ഏതെല്ലാമാണു് ഇതിനകം അംഗീകരിച്ചു് നടപ്പിലാക്കിയിട്ടുള്ളതു്;

(ബി) റിപ്പോർട്ടിൻറെ ബാക്കി ഭാഗങ്ങൾ അംഗീകരിക്കാത്തതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കമ്മിറ്റിയുടെ ശുപാർശകൾ ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) എ-യുടെ ഉത്തരപ്രകാരം ഈ ചോദ്യം ഉദിക്കുന്നില്ല.

പയൽസ്കൂളുകളും നിശാപാഠശാലകളും.

* 47. [19] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായോന്നമന വകുപ്പിൽ 1955–56, വർഷത്തിൽ ആകെഎത്ര പയൽസ്കൂളുകൾ, നിശാപാഠശാലകൾ, വായനശാലകൾ എന്നിവ അനുവദിച്ചിട്ടുണ്ടു്;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly